കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്മെന്റ് കോർപ്പറേഷന്റെ വായ്പ തുക

33 [1238] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്മെന്റ് കോർപ്പറേഷൻ വിവിധ വാണിജ്യ ബാങ്കുകൾക്ക് നൽകാനുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (ഒ. റ്റി. എസ്.) പ്രകാരം ഈ തുക കൊടുത്തു തീർക്കാൻ സർക്കാർ തലത്തിൽ തീരുമാനമായിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 254.67 കോടി രൂപ

(ബി, സി) ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല. നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

ടെൽക്കിന്റെ ഓഹരി കൈമാറ്റം

34 [1239] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി ടെൽക്കിന് സാമ്പത്തികസഹായം അനുവദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ടെൽക്കിന്റെ ഓഹരികൾ സ്വകാര്യ കമ്പനിക്ക് കൈമാറുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏത് കമ്പനിക്ക് എത്ര ശതമാനം ഓഹരികളാണ് കൈമാറാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) രാജ്യത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യമേഖലയ്ക്ക് കൈമാറുകയില്ല എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ ടെൽക്കിന്റെ ഓഹരി കൈമാറ്റം നിർത്തിവയ്ക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ) 2001-02-ൽ 24.60 ലക്ഷം രൂപയും 2003-04-ൽ വി. ആർ. എസ്. നടപ്പാക്കുന്നതിനായി 75 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി, സി ആന്റ് ഡി) ടെൽക്കിനെ എസ്. ബി. ടി. യുടെ സഹായത്തോടുകൂടി സ്വകാര്യവത്ക്കരിക്കാൻ ബി. ഐ. എഫ്. ആർ. നിർദ്ദേശം നൽകി. ഇതിനെതിരെ കമ്പനിയും സർക്കാരും ഡൽഹി ഹൈക്കോടതിയിൽ നിന്നും സ്റ്റേ സമ്പാദിച്ചു. എന്നാൽ ടെൽക്കിനെ മെച്ചപ്പെട്ട സാങ്കേതിക വിദ്യ ലഭ്യമാക്കുന്നതിനുവേണ്ടി ഡൽഹി ഹൈക്കോടതി അനുവദിച്ച സമയപരിധി കണക്കിലെടുത്ത് ഒരു ലോകോത്തര സാങ്കേതിക പങ്കാളിയെ കണ്ടെത്തുന്നതിനായി നൽകിയ പരസ്യമനുസരിച്ച് സീമെൻസ് ഇൻഡ്യ ലിമിറ്റഡ് ടെൽക്കിൽ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഇതിന്മേൽ സർക്കാർ തീരുമാനമെടുത്തിട്ടില്ല. ഭൂരിപക്ഷം ഓഹരികൾ സർക്കാരിൽ നിലനിർത്തി കൊണ്ടായിരിക്കും സാങ്കേതിക പങ്കാളിത്തം നൽകുന്നത്.

2001-04 കാലഘട്ടത്തിൽ രജിസ്റ്റർ ചെയ്ത ചെറുകിട വ്യവസായസംരംഭങ്ങൾ

35 [1240] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ നന്മണ്ട, ഏലത്തൂർ, കൊക്കല്ലൂത്തൂർ, അത്തോളി, ഉള്ളിയേരി, ബാലുശ്ശേരി, പനങ്ങാട് പഞ്ചായത്തുകളിൽ ഇതുവരെയായി എത്ര ചെറുകിട വ്യവസായങ്ങൾ (എസ്സ്. എസ്സ്. ഐ.) രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഇതിൽ എത്ര വ്യവസായങ്ങൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട് ;

(സി) 2001-2002, 2002-2003, 2003-2004 സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷത്തിലും രജിസ്റ്റർ ചെയ്ത എസ്സ്. എസ്സ്. ഐ. രജിസ്ട്രേഷനുള്ള ചെറുകിട വ്യവസായ സംരംഭങ്ങളുടെ എണ്ണം എത്രയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1058 ചെറുകിട വ്യവസായങ്ങൾ ഇതുവരെയായി രജിസ്റ്റർ ചെയ്തിട്ടുണ്ട്

(ബി) 792 വ്യവസായങ്ങൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(ഡി)

വർഷം	എണ്ണം
2001-2002	1153
2002-2003	908
2003-2004	477

ഓട് വ്യവസായത്തിന്റെ പുരോഗതിക്ക് സ്വീകരിച്ചിട്ടുള്ള നടപടികൾ

36 [1241] ശ്രീ. കെ. വി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഓട്ടുകമ്പനികൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഓട് വ്യവസായത്തിന്റെ പുരോഗതിക്ക് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് ;

LIBRARY ARCHIVES Kerala Legislative Assembly